Transforming Lives Together

INDIA CENTER FOR SOCIAL CHANGE

Transforming Lives Together

**എക്സിബിഷൻ**

**കലാവിഷ്ക്കാരങ്ങൾ**

**സാംസ്ക്കാരികസമ്മേളനം**

## ഇന്ത്യാ സെന്റർ ഫോർ സോഷ്യൽ ചേയ്ഞ്ച്

# തീരം ഫെസ്റ്റ് 2008

## വാർഷികാഘോഷം

**നാട്ടകം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ**

**കോട്ടയം**

**2008 ആഗസ്റ്റ് 9 ശനി 10 മുതൽ 5 വരെ**

സുഹൃത്തേ,

ഇന്ത്യാ സെന്റർ ഫോർ സോഷ്യൽ ചേയ്ഞ്ച് (ICSC) കഴിഞ്ഞ ആറു വർഷമായി കേരളത്തിൽ സാമൂഹ്യമാറ്റം ലക്ഷ്യമാക്കി പ്രവർത്തിച്ചുവരുന്ന സന്നദ്ധ സംഘടനയാണ്. ICSC മുഖ്യമായും ഊന്നൽ നൽകുന്നത് മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ പ്രവർത്തനങ്ങൾക്കാണ്. കൂടാതെ ആലപ്പാട് സുനാമി മേഖലയിലെ പുനരധിവാസപ്രവർത്തനങ്ങളും നടത്തിവരുന്നു. വിവിധ ജില്ലകളിലായി 'തീരം' എന്ന പേരിൽ ബുദ്ധിമാന്ദ്യമുള്ളവർക്കായി 10 തൊഴിൽ പരിശീലന കേന്ദ്രങ്ങൾ നടത്തിവരുന്നു. പരിപാലനം, പരിശീലനം, പുനരധിവാസം, അവകാശ സംരംക്ഷണം എന്നിവയാണ് തീരം ലക്ഷ്യമാക്കുന്നത്. ICSC യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ പൊതുശ്രദ്ധ നേടി വളർന്നു കഴിഞ്ഞിട്ടുണ്ട്.

പ്രാഥമിക കൃത്യങ്ങൾ ചെയ്യാൻപോലും പരസഹായം വേണ്ടി വന്നവർ ഇപ്പോൾ സമൂഹത്തിന്റെ മുൻധാരണകളെ തിരുത്തുവാൻ ശേഷിയുള്ള സർഗ്ഗധനരായ കുട്ടികളായി വളരുവാൻ തീരത്തിന്റെ പരിശീലനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്.

കലാ സാംസ്ക്കാരിക പ്രവർത്തകർ, സാമൂഹ്യ /രാഷ്ട്രീയ പ്രവർത്തകർ, വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ തുടങ്ങിയവരുടെ കൂട്ടായ്മയിൽ 2007 ൽ കേരളമൊട്ടാകെ നടന്ന ഈ കുട്ടികളുടെ സാംസ്ക്കാരിക കലായാത്ര 'നവയാനം' നേടിയെടുത്ത പൊതുശ്രദ്ധ ഇതിനുത്തമോദാഹരണമാണ്.

ചിരട്ടയിലും, മുളയിലും തീർക്കുന്ന കലാനിർമ്മിതികൾ, പെയിന്റിംഗുകൾ, കുട, പേപ്പർ ക്യാരി ബാഗ് നിർമ്മാണം, ടെയിലറിംഗ്, ഫോട്ടോ ഫ്രെയിമിംഗ് ഇങ്ങനെ നിരവധി ഉല്പാദന മേഖലകളിൽ തീരം കുട്ടികൾ തങ്ങളുടെ കഴിവുകൾ തെളിയിച്ചെടുക്കുന്നു.

തീരം ഫെസ്റ്റ്, സെന്ററിലെ പഠിതാക്കൾ. രക്ഷക്കർത്താക്കൾ, അഭ്യുദയകാംക്ഷികൾ, സാമൂഹ്യ / രാഷ്ട്രീയ / സാംസ്ക്കാരിക രംഗത്തെ പ്രമുഖർ ഇവരെല്ലാം കൂടിച്ചേരുന്ന സ്നേഹസംഗമമാണ്. ഇതിൽ പരസ്പരമുള്ള പങ്കുവെയ്ക്കലുകൾ പഠനക്ലാസ്സ്, കലാനിർമ്മിതികളുടെ പ്രദർശനവും വില്പനയും, തീരം കലാസംഘത്തിന്റെ കലാവിഷ്ക്കാരങ്ങൾ, സാംസ്ക്കാരിക സമ്മേളനം എന്നിവ ഒരുക്കിയിരിക്കുന്നു. ICSC യുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിങ്ങളോരോരുത്തരും ഏറെ സഹായങ്ങൾ നല്കിയുട്ടുണ്ട് എന്ന കാര്യം നന്ദിയോടെ അനുസ്മരിക്കുന്നു. ഒപ്പം തീരം ഫെസ്റ്റ് 2008 ലേക്ക് താങ്കളെ ആദരപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം

തീരം പ്രവർത്തകർ

ചെയർമാൻ
അഭിവന്ദ്യ.ഡോ:ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത

ഡയറക്ടർ
റവ:കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ മൂലയിൽ

*Administrative Office*
Nalunnakkal Post,Vakathanam, Kottayam-686538 Kerala, India.
Tel. 0481 2465836 Fax. 0481 2463616
email:icsctheeram@yahoo.com
**www.icsctheeram.org**

*വിശദമായ പ്രോഗ്രാം നോട്ടീസ് വൈകാതെ നിങ്ങളുടെ അടുത്ത് എത്തിക്കുന്നതാണ്*